പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2075

08.03.2018 ൽ മറുപടിയ്ക്ക്

## സംസ്ഥാന യുവജനക്ഷേമ ബോർഡും യുവജന നയവും

ചോദ്യം

ശ്രീ. രാജു എബ്രഹാം

മറുപടി

ശ്രീ.എ.സി. മൊയ്തീൻ
(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ യുവജനക്ഷേമ ബോർഡ് നിലവിൽ വന്നത് എന്നാണ്; എന്തൊക്കെ ചുമതലകളാണ് യുവജനക്ഷേമ ബോർഡിന് ഉള്ളത്; | (എ) | 1985 ലാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നിലവിൽ വന്നത്. കേരളത്തിലെ യുവജനങ്ങളുടെ ഭൗതികവും, സാംസ്കാരികവും സാഹിത്യപരവും, കലാകായികപരവും, തൊഴിൽപരവുമായ വികസനം മുൻനിർത്തിയാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ചത്. കേരളത്തിലെ യുവജനങ്ങളുടെ സർവ്വതോന്മുഖമായ വികസനത്തിനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക, യുവജനങ്ങളുടെ സർഗ്ഗശേഷിയും കർമ്മശേഷിയും പ്രോത്സാഹിപ്പിക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ പ്രധാന ചുമതല. |
| (ബി) | യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് ; എന്തൊക്കെ നടപടികളാണ് ഇതുവഴി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; | (ബി) | ഉണ്ട്. 12.12.12 ലെ സ.ഉ(അ) 03/12/കായുവ പ്രകാരം സംസ്ഥാന യുവജന നയം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>യുവജനങ്ങളെ പ്രത്യേക സാമൂഹിക വിഭാഗങ്ങളായി തരംതിരിച്ച് അതിനനുസൃതമായ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് നയത്തിൽ മുഖ്യ ഊന്നൽ നൽകിയിരിക്കുന്നത്. വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, കായികം, സാമൂഹികധർമ്മം, കലയും സംസ്കാരവും തുടങ്ങിയ മേഖലകളിലാണ് പ്രധാനമായും പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നയത്തിൽ |

| | | | |
|---|---|---|---|
| | | | പ്രായോഗിക നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. ഈ നയത്തിന് അനുപൂരകമായ പദ്ധതികളും പരിപാടികളുമാണ് യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. |
| (സി) | യുവജനങ്ങൾ കൂടുതലായി മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ യുവജനങ്ങളെ മദ്യത്തിൽ നിന്നും മയക്കു മരുന്നിൽ നിന്നും രക്ഷപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് യുവജനക്ഷേമ ബോർഡ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | യുവതലമുറയെ ഗ്രസിച്ചിരിക്കുന്ന മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യവിപത്തിൽ നിന്നും ഘട്ടം ഘട്ടമായി മോചിപ്പിക്കുക, യുവാക്കളുടെ കർമ്മശേഷി നാടിന്റെ വികസന പ്രക്രിയകളിൽ വിനിയോഗിക്കുക എന്നീ ലക്ഷ്യം മുൻനിർത്തി 'യുവത്വ കേരളം ലഹരി മുക്തം' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംസ്ഥാനത്തുടനീളം വിപുലമായ ലഹരിവിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കുന്നുണ്ട്. ആയതിന്റെ ഭാഗമായി ഒരു ഷോർട്ട് ഫിലിം തയ്യാറാക്കിയിട്ടുണ്ട്. ആയത് യൂത്ത് കോ-ഓർഡിനേറ്റർമാരുടെ മേൽനോട്ടത്തിൽ സംസ്ഥാനത്തുടനീളം പ്രദർശിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ